MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.C1/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 നവംബർ 5

കരിയർ ഡവലമെന്റ്: ദേശീയ സെമിനാർ സംഘടിപ്പിച്ചു

നാഷണൽ എംപ്ലോയ്മെന്റ് സർവീസ്-കേരളം, മഹാത്മാഗാന്ധി സർവകലാശാലയുടെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, കളമശ്ശേരി സെന്റ് പോൾസ് കോളേജിന്റെ കരിയർ ആന്റ് പ്ലേസ്മെന്റ് സെൽ എന്നിവയുടെ സഹകരണത്തോടെ കരിയർ ഡവലമെന്റ് സംബന്ധിച്ച് ദേശീയ സെമിനാർ സംഘടിപ്പിച്ചു.

ബുധനാഴ്ച സെന്റ് പോൾസ് കോളേജിൽ നടന്ന പരിപാടി സർവ്വകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി മാവൂതു ഉദ്ഘാടനം ചെയ്തു. വ്യക്തിയുടെ സാമൂഹിക പശ്ചാത്തലമല്ല, മറിച്ച് താത്പര്യവും അർപ്പണബോധമാണ് ഒരു കരിയർ തെരഞ്ഞെടുക്കുമ്പോൾ കണക്കാക്കേണ്ടതെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു. മികച്ച കരിയർ പടുത്തുയർത്താൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് മാനേജ്മെന്റ് വിദഗ്ധൻ കൂടിയായ വി.സി. ഉദ്ഘാടനപ്രസംഗത്തിൽ സംസാരിച്ചു.

സെന്റ് പോൾസ് കോളേജ് മാനേജർ റവ. ഫാ. വർഗ്ഗീസ് വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഗൈഡൻസ് ബ്യൂറോ ചീഫ് ഡോ. രാജേഷ് എം. സ്വാഗതം ആശംസിച്ചു. എറണാകുളം പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ ഡി. ഉണ്ണികൃഷ്ണൻ, കോളേജ് പ്രിൻസിപ്പൽ പ്രൊഫ. (ഡോ.) പ്രമദ രാമചന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഗൈഡൻസ് ബ്യൂറോ ഡെപ്യൂട്ടി ചീഫ് ബിജു എൻ. കൃതജ്ഞത അർപ്പിച്ചു.

മാറുന്ന തൊഴിൽലോകവും യുവജനങ്ങളും എന്ന വിഷയത്തിൽ വി. വി. ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിലെ മുൻ സീനിയർ ഫെലോ ഡോ. എസ് കെ ശശികുമാറും, തൊഴിൽക്ഷമത: ക്യാമ്പസിൽ നിന്ന് കരിയറിലേക്ക് എന്ന വിഷയത്തിൽ കേന്ദ്രസർക്കാർ ഉപദേഷ്ടാവ് ഡോ. അജിത് ശങ്കറും സെഷനുകൾ കൈകാര്യം ചെയ്തു. എറണാകുളം ജില്ലയിലെ വിവിധ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി 120 പേർ സെമിനാറിൽ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ: ദേശീയ സെമിനാർ വൈസ് ചാൻസിലർ ഉദ്ഘാടനം ചെയ്യുന്നു.

പി.ആർ.ഒ/991/2026

ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ്. നടത്തുന്ന വിവിധ ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഏഴു ദിവസം മുതൽ മൂന്നു മാസം വരെയാണ് കോഴ്സുകളുടെ ദൈർഘ്യം. മൂന്നു മാസത്തെ പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഡി.ജി.സി.എ.യുടെ സ്മോൾ ക്ലാസ് ഡ്രോൺ പൈലറ്റ് ലൈസൻസും ഡ്രോണും സൗജന്യമായി ലഭിക്കുന്നതാണ്. നവംബർ മാസത്തെ അഡ്മിഷനായി 18നും 60നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് ses.mgu.ac.in ഫോൺ- 6282448585

പി.ആർ.ഒ/992/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംപിഇഎസ് (ദ്വിവത്സര പ്രോഗ്രാം-2026 അഡ്മിഷൻ റഗുലർ, 2025 ഇംപ്രൂവ്മെന്റ്, 2023-2025 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020-2022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 11 മുതൽ നടക്കും. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബിപിഇഎഡ് (2026 അഡ്മിഷൻ റഗുലർ, 2023-2025 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020-2022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഡിസംബർ 2026 പരീക്ഷകൾ ഡിസംബർ 7 മുതൽ നടക്കും. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.

നാലാം സെമസ്റ്റർ എംആർക്ക് അഡ്വാൻസ്ഡ് ആർക്കിടെക്ചർ ഡിസൈൻ തിസിസ് (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് നവംബർ 11 വരെ ഫീസ് അടച്ച്

അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/993/2026

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ (സിബിസിഎസ്എസ്) (2013-2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ (സിബിസിഎസ്എസ്) ബിഎസ്.സി സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂൺ 2026 പരീക്ഷകൾ നവംബർ 20ന് നടക്കും.

നവംബർ 25 മുതൽ നടത്താനിരുന്ന എഴാം സെമസ്റ്റർ ബിപിഇഎസ് (നാലു വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം-2023 അഡ്മിഷൻ റഗുലർ, 2019-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ജനുവരി 8 മുതൽ നടക്കും.

പി.ആർ.ഒ/994/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എംഎ ഫിലോസഫി (സിഎസ്എസ്) (പ്രൈവറ്റ് രജിസ്ട്രേഷൻ-2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എംഎ (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷൻ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

അവസാന വർഷ ബിഫാം (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) (2016ന് മുമ്പുള്ള അഡ്മിഷനുകൾ) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/995/2026

പബ്ലിക് റിലേഷൻസ് ഓഫീസർ